# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

### പ്രാദേശിക വാർത്തകൾ

**DATE: 15.11.2025** | പ്രധാന വാർത്തകൾ | **TIME : 12.30 PM**

1. തീവ്രവോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗം തിരുവനന്തപുരത്ത് ചേർന്നു. ഫോം കിട്ടാത്തവർക്കായി സ്പെഷ്യൽ ഡ്രൈവ് നടത്തും.

2. തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. പ്രചാരണത്തിൽ സജീവമായി മുന്നണികൾ.

3. ആലപ്പുഴ അരൂർ - തുറവൂർ ഉയരപ്പാത നിർമ്മാണത്തിലെ സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ തുടങ്ങി. ഉന്നതതല യോഗം തിങ്കളാഴ്ച.

4. സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മ വാർഷികം ഇന്ന്. ഗുജറാത്തിലെ ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുക്കും.

5. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പുതിയ ഭരണസമിതി അധികാരമേറ്റു. ദേവസ്വം ബോർഡ് പ്രസിഡന്റായി കെ ജയകുമാർ സത്യപ്രതിജ്ഞ ചെയ്തു.

6. മണ്ഡല - മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്രനട നാളെ തുറക്കും. സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന പോലീസ് മേധാവി.

## സർവ്വകക്ഷിയോഗം

തീവ്രവോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗം തിരുവനന്തപുരത്ത് ചേർന്നു. എന്യൂമറേഷൻ ഫോം ലഭിക്കാത്തവർക്കായി സ്പെഷ്യൽ ഡ്രൈവ് നടത്തുമെന്ന് അദ്ദേഹം അറിയിച്ചു. തദ്ദേശ തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഫോം വിതരണം മാറ്റിവക്കണമെന്ന ആവശ്യം വിവിധ രാഷ്ട്രീയ കക്ഷികൾ യോഗത്തിൽ മുന്നോട്ട് വെച്ചു.

*******************************

## നാമ നിർദ്ദേശ പത്രിക സമർപ്പണം

സംസ്ഥാനത്ത് തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ആദ്യ ദിവസമായ ഇന്നലെ 11 സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു. തിരുവനന്തപുരത്ത് നാലും, പാലക്കാട്, മലപ്പുറം ജില്ലകളിൽ രണ്ട് പേർ വീതവും, കോട്ടയം, തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോരുത്തരുമാണ് പത്രിക സമർപ്പിച്ചത്. ഈ മാസം 21 വരെയാണ് പത്രികാ സമർപ്പണം. 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്ക് അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. 13 ന് വോട്ടെണ്ണൽ നടക്കും.
*******************************

## തിരഞ്ഞെടുപ്പ് പ്രചാരണം

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് വിവിധ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും. വീടുകളിൽ എത്തി സമ്മതിദായകരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാൻ സ്ഥാനാർത്ഥികൾക്കൊപ്പം മുതിർന്ന നേതാക്കളും സജീവമാണ്. പ്രചാരണ ചെലവിനായി ഒരു സ്ഥാനാർത്ഥിക്ക് വിനിയോഗിക്കാവുന്ന പരമാവധി തുക സംബന്ധിച്ചും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമായ

മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 25,000 രൂപയും, ബ്ലോക്ക് പഞ്ചായത്തിൽ 75,000 രൂപയും, ജില്ലാ പഞ്ചായത്തിൽ ഒന്നര ലക്ഷം രൂപയുമാണ് പ്രചാരണത്തിനായി ഒരു സ്ഥാനാർത്ഥിക്ക് ചെലവഴിക്കാവുന്ന തുക. മുനിസിപ്പാലിറ്റിയിൽ പരമാവധി 75,000 രൂപയും, കോർപ്പറേഷനിൽ ഒരു ലക്ഷത്തി 50,000 രൂപയും വരെ ചെലവാക്കാം.
*******************************

## തിരഞ്ഞെടുപ്പ് - അപകീർത്തി

തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ എതിർ രാഷ്ട്രീയകക്ഷി നേതാക്കളെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതും സ്വകാര്യതയെ ഹനിക്കുന്നതുമായ പ്രചാരണം പാടില്ലെന്ന് അതാത് ജില്ലാ കളക്ടർമാർ നിർദേശം നൽകി. ആരാധനാലയങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയാക്കുന്നതും ജാതി-മത വികാരങ്ങളുടെ അടിസ്ഥാനത്തിൽ വോട്ടു തേടുന്നതും കുറ്റകരമാണ്. തിരഞ്ഞെടുപ്പ് നിയമങ്ങൾക്കും നിലവിലുള്ള മറ്റ് നിയമങ്ങൾക്കും വിരുദ്ധമായി ആർക്കെങ്കിലും അപകീർത്തികരമായ വിധം എസ്.എം.എസിലൂടെയും സമൂഹമാധ്യമത്തിലും സന്ദേശങ്ങൾ അയക്കുന്നത് കുറ്റകരമാണമെന്ന നിർദേശവും നൽകി.
*******************************

## ഹരിതചട്ടം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും, ശുചിത്വ മിഷന്റെയും മേൽനോട്ടത്തിൽ തിരഞ്ഞെടുപ്പിൽ ഹരിതചട്ടം പൂർണമായും പാലിക്കുന്നു എന്ന് ഉറപ്പാക്കുമെന്നും കമ്മിഷൻ അറിയിച്ചു. തിരഞ്ഞെടുപ്പ്

പ്രചാരണത്തിന് പ്ലാസ്റ്റിക്, പി.വി.സി, ഫ്ലക്സ് തുടങ്ങിയവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.
*******************************

## കൊല്ലം - ജില്ലാ കളക്ടർ

തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട പ്രകാരം ജനപ്രതിനിധികൾ ഔദ്യോഗിക പരിപാടികളിൽ പങ്കെടുക്കരുതെന്ന് കൊല്ലം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കലക്ടർ എൻ ദേവിദാസ്. ഇത് സംബന്ധിച്ച് ലഭിച്ച രണ്ട് പരാതികളിൽ തുടർനടപടികൾ സ്വീകരിക്കുമെന്നും പെരുമാറ്റ ചട്ട നിരീക്ഷണ സമിതിയുടെ യോഗത്തിൽ അദ്ദേഹം അറിയിച്ചു.
*******************************

## സ്ഥാനാർത്ഥി പ്രഖ്യാപനം

രാഷ്ട്രീയ ജനതാദൾ കോഴിക്കോട് ജില്ലാപഞ്ചായത്തിലെ നാല് ഡിവിഷനുകളിൽ മത്സരിക്കുന്ന സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. അതെസമയം, മലപ്പുറം ജില്ലാപഞ്ചായത്തിലേക്ക് മത്സരിക്കുന്ന സ്ഥാനാർഥികളെ മുസ്ലിംലീഗ് പ്രഖ്യാപിച്ചു. 33 അംഗ ഡിവിഷനിൽ 23 സീറ്റിലേക്കാണ് മുസ്ലിംലീഗ് മത്സരിക്കുന്നത്. ശേഷിക്കുന്ന 10 സീറ്റിൽ കോൺഗ്രസും മത്സരിക്കും.
*******************************

## തുറവൂർ- ഉയരപ്പാത (ഇൻട്രോ)

ആലപ്പുഴ അരൂർ തുറവൂർ ഉയരപ്പാത നിർമ്മാണത്തിലെ സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ ആരംഭിച്ചു. കേന്ദ്രമന്ത്രി നിധിൻ ഗഡ്ഗരിയുടെ നിർദ്ദേശാനുസരണം ദേശീയപാത വിഭാഗം ഉദ്യോഗസ്ഥർ അപകട സ്ഥലം സന്ദർശിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....**

(വോയിസ്)

******************************

## കണ്ണൂർ പാനൂർ പാലത്തായി കേസ്

കണ്ണൂർ പാനൂർ പാലത്തായി പീഡനകേസിൽ ശിക്ഷാവിധി ഇന്ന്. അധ്യാപകൻ കുനിയിൽ പത്മരാജനാണ് കേസിലെ പ്രതി. തലശ്ശേരി പോക്സോ അതിവേഗ കോടതിയാണ് ഉച്ചയ്ക്ക് ശേഷം വിധി പറയുന്നത്.

******************************

## മലബാർ ട്രാവൽ ബസാർ

മൂന്നാമത് നോർത്ത് മലബാർ ട്രാവൽ ബസാറിന് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ തുടക്കമായി. കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. ഉത്തരമലബാറിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സാധ്യതകൾ ആഗോള വിനോദസഞ്ചാരികൾക്ക് മുൻപിൽ അവതരിപ്പിക്കുകയാണ് മേളയുടെ ലക്ഷ്യം.

******************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

******************************

## പിഎം - ജൻ ജാതീയ ദിവസ്

സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷികം രാജ്യം ഇന്ന് ജൻ ജാതിയ

ഗൗരവ് ദിവസായി ആഘോഷിക്കുന്നു. പാർലമെന്റ് പരിസരത്തെ ബിർസ മുണ്ട പ്രതിമയിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, ലോക്സഭാ സ്പീക്കർ, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. ഗുജറാത്തിൽ ഇന്ന് നടക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.
*******************************

## ജമ്മു പൊട്ടിത്തെറി

ജമ്മുകശ്മീരിൽ നൗകാം പൊലീസ് സ്റ്റേഷന് സമീപമുണ്ടായ സ്ഫോടനത്തിൽ ഒൻപത് പേർ കൊല്ലപ്പെട്ടു. 32 പേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി 11.20 ഓടെയാണ് സ്ഫോടനമുണ്ടായത്. തിരച്ചിൽ നടത്തുന്നതിനിടെ സ്ഫോടകവസ്തുക്കൾ പൊട്ടിത്തെറിക്കുകയായിരുന്നു. അന്വേഷണം പുരോഗമിക്കുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു.
*******************************

## ശബരിമല

മണ്ഡല - മകരവിളക്ക് മഹോത്സവത്തിനായ് ശബരിമല ക്ഷേത്രനട നാളെ തുറക്കും. നാളെ വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നട തുറന്ന് ദീപം തെളിക്കും. തുടർന്ന് നിയുക്ത മേൽശാന്തിമാരെ 18-ാംപടി കയറ്റി വൈകിട്ട് ആറിന് അഭിഷേകം നടക്കും. മറ്റെന്നാളാണ് വൃശ്ചികം ഒന്ന്. വെർച്വൽ ക്യൂ വഴി 70,000 പേർക്കും തത്സമസ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാധ്യമാകും.
*******************************

## റവാഡ ചന്ദ്ര ശേഖർ (ഇൻട്രോ)

സുരക്ഷിതമായ ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്ര ശേഖർ. ആറ്

ഘട്ടങ്ങളായിയാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

******************************

**ദേവസ്വം ബോർഡ് - സത്യപ്രതിജ്ഞ**

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി കെ ജയകുമാർ സത്യപ്രതിജ്ഞ ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി പി എൻ ഗണേശൻ പോറ്റി സത്യവാചകം ചൊല്ലിക്കൊടുത്തു. ഭക്തരുടെ വിശ്വാസം സംരക്ഷിക്കുന്ന രീതിയിൽ പ്രവർത്തിക്കുമെന്ന് ചുമതലയേറ്റശേഷം ശ്രീ കെ ജയകുമാർ മാധ്യമങ്ങളോട് പറഞ്ഞു. ദേവസ്വം ബോർഡ് അംഗമായി കെ. രാജുവും ചുമതലയേറ്റു.

******************************

**കലാമണ്ഡലം - തിമില ഇടച്ചിൽ (ഇൻട്രോ)**

കേരള കലാമണ്ഡല ചരിത്രത്തിലാദ്യമായി കൂത്തമ്പലത്തിൽ അവതരിപ്പിക്കുന്ന വിവിധ താളങ്ങളിലെ തിമില ഇടച്ചിലിന്റെ പണിപ്പുരയിലാണ് കരിയന്നൂർ നാരായണൻ നമ്പൂതിരിയും സംഘവും.

**ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

******************************

**വന്ദേമാതരം - ഇടുക്കി**

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികം ഇടുക്കിയിലെ തൊടുപുഴ ന്യൂമാൻ കോളേജിൽ സമുചിതമായി ആഘോഷിച്ചു. മുവാറ്റുപുഴ 18 കേരള ബറ്റാലിയന്റെ നേതൃത്വത്തിലാണ് കാര്യപരിപാടികൾ അരങ്ങേറിയത്. തൊടുപുഴയിലെ യുദ്ധസ്മാരകത്തിൽ ധീര സൈനികർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് പുഷ്പചക്രം സമർപ്പിച്ചു.
********************************

## പ്രാഥമിക സന്നദ്ധ പ്രതികരണ സേന

വന്യജീവി സംഘർഷം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് തദ്ദേശീയരുടെ പങ്കാളിത്തം ഉറപ്പുവരുത്താനായി വനംവകുപ്പ് ആവിഷ്കരിച്ച പ്രാഥമിക സന്നദ്ധ പ്രതികരണ സേനയുടെ കണ്ണൂർ ജില്ലയിലെ പരിശീലനം പൂർത്തിയായി. പയ്യാവൂർ, കേളകം, കൊട്ടിയൂർ, അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളിൽ നിന്നുള്ള അറുപതോളം പേരാണ് പരിശീലനം പൂർത്തിയാക്കിയത്.

*

*************

**************************************************